പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2703 **28-10-2026-ൽ മറുപടിയ്ക്ക്**

പ്ലാസ്റ്റിക് മാലിന്യങ്ങൾ മൂലമുള്ള ജലമലിനീകരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. ജ്യോതികുമാർ ചാമക്കാല

ശ്രീ. സുമേഷ് അച്ചുതൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) കേരളത്തിലെ വിവിധ നദികളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നത് നദികളുടെ സ്വാഭാവിക ഒഴുക്കിനെയും ജലത്തിന്റെ ഗുണനിലവാരത്തെയും ജലജീവികളുടെ നിലനിൽപ്പിനെയും പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.പ്ലാസ്റ്റിക് മാലിന്യം മൂലമുണ്ടാവുന്ന സ്വാഭാവിക ഒഴുക്കിനെയും ജലഗുണനിലവാരത്തെയും ജലജീവികളുടെ നിലനില്പിനെയും പ്രതികൂലമായി ബാധിക്കുന്നതായി പ്രത്യേകം പഠനങ്ങൾ ഒന്നും ജലസേചന വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ 44 നദികൾ പൊതുവിലും, നദീഭാഗങ്ങൾ പ്രത്യേകിച്ചും വിവിധ കാരണങ്ങളാൽ മലിനീകരിക്കപ്പെട്ടതാണെന്ന് കോഴിക്കോട് ആസ്ഥാനമായുള്ള "ജലവിഭവ വികസന വിനിയോഗ കേന്ദ്രം" (CWRDM) നടത്തിയ പഠനത്തിലും, കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് (CPCB) നടത്തിയ പഠനത്തിലും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. നേരിട്ടുള്ള മാലിന്യ നിക്ഷേപം, നഗരങ്ങളിൽ നിന്നുള്ള ഓടകൾ വഴി ജലസ്രോതസ്സുകളിൽ എത്തിച്ചേരുന്ന മാലിന്യം, പ്ലാന്റേഷനുകളിൽ നിന്ന് എത്തിച്ചേരുന്ന രാസവളം/രാസകീടനാശിനികൾ, ഗാർഹിക മാലിന്യങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ/ബസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യം തുടങ്ങിയവയാണ് പ്രധാനമായും ജലമലിനീകരണത്തിന് ഇടയാക്കുന്നത്. ഇതോടൊപ്പം കുളവാഴ/മറ്റ് ജൈവവസ്തുക്കൾ എന്നിവ ചീഞ്ഞ് ജലത്തോടൊപ്പം ചേരുന്നതും ജലമലിനീകരണത്തിന് കാരണമാകുന്നുണ്ട്. ഇത് കണക്കിലെടുത്ത്, ജലഗുണനിലവാരം നിലനിർത്താനാവശ്യമായ പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് നീരൊഴുക്ക് സ്ഥായിയാക്കി മലിനീകരണ ലഘൂകരണം നടത്തുന്നതിനുള്ള പ്രവർത്തനമാണ് ജലസേചന വകുപ്പ് നിർവ്വഹിക്കുന്നത്. ഇതിനായി റഗുലേറ്ററുകൾ/തടയണകൾ എന്നിവ നിർമ്മിക്കുന്നതിനൊപ്പം, നീർത്തടാടിസ്ഥാനത്തിൽ മണ്ണ്/ജലസംരക്ഷണം സാധ്യമാക്കുന്ന പ്രവർത്തനങ്ങളും വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനമനുസരിച്ച് കേരളത്തിലെ 21 നദീഭാഗങ്ങൾ വലിയതോതിലുള്ള മലിനീകരണത്തിന് വിധേയമായിട്ടുണ്ട്. ഇവയെ മലിനീകരണത്തിന്റെ തോത് അനുസരിച്ച് പ്രയോറിറ്റി I മുതൽ V വരെയായി തരംതിരിച്ചിട്ടുണ്ട്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ OA 673/2018 ലെ ഉത്തരവ് പ്രകാരം മലിനീകരിക്കപ്പെട്ട നദീഭാഗങ്ങളിലെ ജലം കുറഞ്ഞത് കുളിക്കാൻ ഉപയോഗിക്കുന്ന തരത്തിലെങ്കിലും അനുയോജ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി

ഇവ മാലിന്യമുക്തമാക്കാൻ നിർദ്ദേശം നൽകിയിരുന്നു.ഇതുപ്രകാരമുള്ള ആക്ഷൻ പ്ലാൻ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തയ്യാറാക്കി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ നടത്തിയ പ്രവൃത്തികളുടെ ഫലമായി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റിപ്പോർട്ട് പ്രകാരം മലിനമായ 21 നദീഭാഗങ്ങളിൽ 11 എണ്ണം മലിനീകരണ പട്ടികയിൽ നിന്ന് നീക്കം ചെയ്യാൻ സാധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ നദികളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂടുതലായി അടിഞ്ഞുകൂടുന്ന മേഖലകൾ തിരിച്ചറിയുന്നതിനും അവയുടെ ഉറവിടങ്ങൾ കണ്ടെത്തുന്നതിനും പഠനമോ പരിശോധനയോ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: ജലസേചന വകുപ്പ് ഈ വിഷയത്തിൽ പ്രത്യേകം പഠനം നടത്തിയിട്ടില്ല.

(സി) നദികളിലേക്ക് പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയുന്നതും ഓടകൾ മുഖേന ഒഴുകിയെത്തുന്നതും തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

മറുപടി: ജലാശയങ്ങളിലെ മാലിന്യ നിക്ഷേപം തടയുന്നതിനായി ജനസാന്ദ്രതയേറിയ സ്ഥലങ്ങളിൽ മുന്നറിയിപ്പ് ബോർഡുകളും ക്യാമറകളും സ്ഥാപിക്കുന്നതിനൊപ്പം, പാലങ്ങളിൽ നിന്ന് മാലിന്യം നേരിട്ട് ജലസ്രോതസ്സുകളിൽ നിക്ഷേപിക്കുന്നത് തടയാൻ പാലങ്ങളിലെ കൈവരികളോട് ചേർന്ന് ഫണ്ട് ലഭ്യതയനുസരിച്ച് കമ്പിവേലി സ്ഥാപിക്കുന്നുണ്ട്. കൂടാതെ, 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കർശനമായ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ